2. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്

ഹിന്ദുസ്ഥാൻ ലാറ്റക്സിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഓഹരികൾ പൊതുമാർക്കറ്റിൽ വിൽക്കാനുള്ള തീരുമാനം കേന്ദ്രഗവൺമെന്റ് തൽക്കാലം മാറ്റി വച്ചിരിക്കുകയാണ്.

3. ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡ്

സ്വകാര്യവൽക്കരിക്കുന്നതിനായി കേന്ദ്രഗവൺമെന്റിൽ നിന്നും യാതൊരു നിർദ്ദേശവും ലഭിച്ചിട്ടില്ല.

4. എഫ്.എ.സി.റ്റി.

സ്വകാര്യവൽക്കരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും യാതൊരു അറിയിപ്പും കിട്ടിയിട്ടില്ല.

5. കൊച്ചി റിഫൈനറി ലിമിറ്റഡിന്റെ 10% ഓഹരികൾ 1991-ൽ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കൊച്ചി റിഫൈനറി ലിമിറ്റഡ് മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. ന്റെ ഒരു സബ്സിഡിയറി ആക്കിമാറ്റാനും 54.04% വരുന്ന ഓഹരികൾ കൈമാറ്റം ചെയ്യാനും കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തിലെ മറ്റു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ, ശേഖരിച്ചു നൽകുന്നതാണ്.

(സി) വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

(ഡി) മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് (ഇൻഡ്യ) ലിമിറ്റഡ് - 74%

(ഇ & എഫ്) സംസ്ഥാന സർക്കാർ ഈ നടപടിക്കെതിരാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഡിസ്ഇൻവെസ്റ്റ് ചെയ്യുന്നതിനെതിരായി കേന്ദ്ര സർക്കാരിന് കാലാകാലങ്ങളിൽ നിവേദനം സമർപ്പിക്കുകയും പ്രസ്തുത വിഷയം ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിട്ടു കണ്ട് ചർച്ച നടത്തിയും, സംസ്ഥാനത്തെ എം.പി.മാർ മുഖാന്തിരം സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്.

ഭവനനിർമ്മാണ പദ്ധതികൾ

8 (*98) ശ്രീ പി. വിശ്വൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ രംഗത്ത് ലക്ഷ്യം കൈവരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) ഭവനനിർമ്മാണത്തിന് ഏതൊക്കെ സ്കീമുകളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന ഹൗസിംഗ് ബോർഡിൽനിന്നും സാധാരണക്കാർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ഡി) ഭവനനിർമ്മാണ രംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഓരോ പദ്ധതികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ ;

(ഇ) ഓരോ പദ്ധതിയുമനുസരിച്ച് ഇതിനകം എത്ര വീടുകൾവീതം പൂർത്തികരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ദുർബല ജനവിഭാഗങ്ങൾക്കായി ആവിഷ്കരിച്ച മൈത്രീ ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ജി) ഇതിനകം പ്രസ്തുത സ്കീം അനുസരിച്ച് എത്ര വീടുകൾ നിർമ്മിച്ചു ; 2000-2001 വർഷത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(എച്ച്) എല്ലാവർക്കും വീട് എന്ന പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) :

(എ & ബി) 2002 വർഷത്തോടെ എല്ലാവർക്കും വീട് എന്ന ഗവൺമെന്റിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി '96-97 വർഷം മുതൽ ആണ്ടുതോറും 1 ലക്ഷം വീടുകൾ വീതവും. 99-2000 മുതൽ 2 വർഷംകൊണ്ട് 5 ലക്ഷം വീടുകളും നിർമ്മിക്കുന്നതിന് വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഭവനനിർമ്മാണ രംഗത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ദുർബല വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി
2. താഴ്ന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി
3. ഇടത്തരം വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി
4. ഉയർന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി
5. ജൂബിലി ഭവന പദ്ധതി
6. താഴ്ന്ന, ഇടത്തരം ഉയർന്ന വരുമാനക്കാർക്ക് നിലവിലുള്ള വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും വിപുലീകരണത്തിനുമുള്ള വായ്പാ പദ്ധതി

(സി) നിലവിലുള്ള പദ്ധതികൾ പ്രകാരം സാധാരണക്കാർക്ക് വായ്പ നൽകുന്നതിന് ഉദാരമായ വ്യവസ്ഥകളാണ് ഹൗസിംഗ് ബോർഡിൽ ബാധകമാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി & ഇ) ഭവനനിർമ്മാണ രംഗത്ത് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡും മറ്റ് ഏജൻസികളും ചേർന്ന് വിവിധ ഭവന പദ്ധതികൾ പ്രകാരം 1995-97 ൽ 82412 വീടുകളും 1997-98 ൽ 131397 വീടുകളും 98-99 ൽ 144853 വീടുകളും 1999-2000 ൽ 239666 വീടുകളും 2000-2001 ൽ (ഭാഗീകം) 56613 വീടുകളും ഉൾപ്പെടെ ആകെ 6,54,941 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(എഫ്) വർഷംതോറും ഒരു ലക്ഷം വീടുകൾ നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ജി) മൈത്രി ഭവന പദ്ധതി പ്രകാരം 31-1-2001 വരെ 2,73,663 വീടുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. 2000-2001 വർഷത്തിൽ ഭൂരഹിത-ഭവനരഹിതർക്കായി ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്ന "ഭൂമൈത്രീ" പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(എച്ച്) എല്ലാവർക്കും വീട് എന്ന പദ്ധതി പ്രകാരം ഇതിനകം 6,54,941 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

9 (*99) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം കുറ്റമറ്റതാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവേശന പരീക്ഷയിലെ സിലബസിൽ ഉൾപ്പെടാത്ത ചോദ്യങ്ങൾ ചോദിക്കുക, ചോദ്യങ്ങൾക്ക് തെറ്റായ ഉത്തര സൂചിക നൽകുക എന്നിവ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; എങ്കിൽ പ്രസ്തുത പിശകുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സുതാര്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രൊഫഷണൽ കോഴ്സുകളിൽ പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണ സീറ്റുകൾ പ്രസ്തുത വിഭാഗക്കാർക്കു മാത്രം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) നിയമസഭയുടെ പിന്നോക്കവിഭാഗക്ഷേമ സമിതി ഇത് സംബന്ധിച്ച ശുപാർശകൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ ;

(എഫ്) എങ്കിൽ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly